# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 286.
## 27.9.2016 ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ട്**

| ചോദ്യം<br>ശ്രീമതി.പി. ആയിഷാ പോറ്റി | | ഉത്തരം<br>Dr.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിലെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | സ.ഉ(പി)നം.332/2012/ധന തീയതി 11.06.2012 പ്രകാരം ഓരോ നിയോജക മണ്ഡലത്തിനും പ്രതിവർഷം അനുവദിച്ചിട്ടുള്ള 5 കോടി രൂപ വിനിയോഗിച്ച് എം.എൽ.എ യുടെ ഇഷ്ടാനുസരണം മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ - കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, ജലവിതരണം, സാനിട്ടേഷൻ, ജലസേചനം, അടിസ്ഥാന സൗകര്യം, അടിസ്ഥാന സൗകര്യ വികസനത്തിന് ഉതകുന്ന സ്ഥിരസ്വഭാവമുള്ള യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ എന്നിവ സൃഷ്ടിക്കാവുന്നതാണ്. പ്രസ്തുത പദ്ധതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറക്കേണ്ടത് നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമായിരിക്കണമെന്ന് 05.08.2013 ലെ സർക്കുലർ നം.61/2013/ധന പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 19.02.2015 ലെ സ.ഉ.(പി) നം.90/2015/ധന ഉത്തരവ് പ്രകാരം ആസ്തി വികസന പദ്ധതിയിൻകീഴിൽ ഒരു സാമ്പത്തിക വർഷം അനുവദിക്കാവുന്ന പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ഉം അവയിൽ ഏതെങ്കിലും 5 എണ്ണം പത്തുലക്ഷത്തിൽ കുറയാതെയുള്ള അടങ്കലിൽ നടപ്പാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം - I ആയി ചേർക്കുന്നു. |

| | | |
|---|---|---|
| (ബി) | പഞ്ചായത്ത് വക സ്ഥലത്ത് വ്യാപാര സമുച്ചയ നിർമ്മാണത്തിന് ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് തടസ്സമുണ്ടോ, വ്യക്തമാക്കാമോ; | 21.05.2013 ലെ സർക്കുലർ നം.44/2013/ധന പ്രകാരം പൊതുജനങ്ങൾക്ക് നേരിട്ട് പ്രയോജനകരമല്ലാത്ത ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണംപോലുള്ള വാണിജ്യ സ്വഭാവമുള്ള പദ്ധതികൾ ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുവദനീയമല്ല എന്ന് ഉത്തരവായിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

## ധനകാര്യ (നോഡൽസെന്റർ -ബി) വകുപ്പ്

നം.61/2013/ധന

തീയതി, തിരുവനന്തപുരം, 05.08.2013

### സർക്കുലർ

വിഷയം:- നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്-പഴയ പി.ഡബ്ല്യു.ഡി നിരക്കിൽ ഭരണാനുമതി ലഭിച്ചതും ടെണ്ടർ ക്ഷണിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾക്ക് പുതുക്കിയ പി.ഡബ്ല്യു.ഡി നിരക്കിൽ ഭരണാനുമതി നൽകുന്നത് സംബന്ധിച്ച്:-

സൂചന:- സ.ഉ.(പി) നം. 332/12/ധന തീയതി 11.06.2012

നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൻ കീഴിലുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ് (Current SoR) പ്രകാരമായിരിക്കണം എന്ന് സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് പൊതുവെ ബാധകമായ എല്ലാ നടപടിക്രമങ്ങളും ആസ്തി വികസന ഫണ്ടിൻകീഴിലുള്ള പ്രവൃത്തികൾക്കും ബാധകമാണ്.

2. ആസ്തി വികസന ഫണ്ടിൻകീഴിൽ പഴയ പി.ഡബ്ല്യു.ഡി നിരക്കിൽ ഭരണാനുമതി ലഭിച്ചതും എന്നാൽ ടെണ്ടർ ക്ഷണിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതിയ SoR നിരക്കിന്റെ (SoR 2012) അടിസ്ഥാനത്തിൽ പുതുക്കാനും അതിന്റെയടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി ലഭിക്കുവാനും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എം.എൽ.എ.യുടെ ശുപാർശ സഹിതം സമർപ്പിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ എല്ലാ നിർവ്വഹണ വകുപ്പ് തലവന്മാരും സ്വീകരിക്കേണ്ടതാണ്.

**ഡോ.വി.പി.ജോയ്**
**പ്രിൻസിപ്പൽ സെക്രട്ടറി(ധനകാര്യം)**

To

1. എല്ലാ എം.എൽ.എ.മാർക്കും
2. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
3. ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
4. ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറി
5. ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഫിനാൻസ് റിസോഴ്സസ്) ന്റെ സി.എ
6. ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി (റോഡ്സ്&ബ്രിഡ്ജസ്, ബിൽഡിംഗ്സ്) ഇറിഗേഷൻ, തദ്ദേശ സ്വയം ഭരണ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പ് തലവൻമാർക്കും
7. നോഡൽ ഓഫീസർ (ഫിനാൻസ്) www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം I

**കേരള സർക്കാർ**

ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന പദ്ധതി -25 ലക്ഷത്തിൽ കുറഞ്ഞ അടങ്കലിൽ അനുവദിക്കാവുന്ന പരമാവധി പ്രവർത്തികളുടെ എണ്ണം വർദ്ധിപ്പിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പ്**

സ.ഉ (പി) നം. 90/2015/ധന തീയതി, തിരുവനന്തപുരം 19.02.2015

---

പരാമർശം :- 1. 11.06.2012 ലെ സ.ഉ (പി) നം. 332/2012/ധന.
2. 06.04.2013 ലെ സ.ഉ (പി) നം. 157/2013/ധന.
3. 15.11.2014 ലെ സ.ഉ(പി)നം.505/2014/ധന.

**ഉത്തരവ്**

2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഓരോ എം.എൽ.എ മാർക്കും അവരവരുടെ നിയോജക മണ്ഡലത്തിൽ അഞ്ചു കോടി രൂപയുടെ ആസ്തി നിർമ്മാണ/വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിയോജക മണ്ഡല ആസ്തി വികസന പദ്ധതിക്ക് രൂപം നൽകുകയും സൂചന (1) ഉത്തരവ് പ്രകാരം ഇതിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുമുണ്ടായി.

സൂചന (3) ഉത്തരവ് പ്രകാരം ഒരു സാമ്പത്തിക വർഷം അനുവദനീയമായ 15 മരാമത്ത് പണികളിൽ ഏതെങ്കിലും രണ്ടെണ്ണം പത്തുലക്ഷത്തിൽ കുറയാതെയുള്ള അടങ്കലിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

എന്നാൽ ആസ്തി വികസന പദ്ധതി പ്രകാരം ഒരു സാമ്പത്തിക വർഷം അനുവദിക്കാവുന്ന പരമാവധി പ്രവർത്തികളുടെ എണ്ണം 15 ൽ നിന്നും 20 ആക്കി വർദ്ധിപ്പിക്കണമെന്നും പത്തു ലക്ഷത്തിൽ കുറയാതെയുള്ള അടങ്കലിൽ നടപ്പിലാക്കാവുന്ന പണികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുമുള്ള നിയമസഭാ സാമാജികരുടെ ആവശ്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു സാമ്പത്തിക വർഷം അനുവദനീയമായ 15 മരാമത്ത് പ്രവർത്തികളുടെ എണ്ണം 20 ആയി വർദ്ധിപ്പിച്ചും ഇവയിൽ ഏതെങ്കിലും അഞ്ചെണ്ണം പത്തുലക്ഷത്തിൽ കുറയാതെയുള്ള അടങ്കലിൽ നടപ്പാക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രബീന്ദ്രകുമാർ അഗർവാൾ**
സെക്രട്ടറി (ഫിനാൻസ് റിസോഴ്സ്)

പകർപ്പ്:

1. എല്ലാ നിയമസഭാ സാമാജികർക്കും.
2. പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
3. പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
5. എല്ലാ വകുപ്പ് തലവന്മാർക്കും
6. ധനകാര്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
7. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
8. ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
9. ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
10. ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
11. റിസോഴ്സസ് സെക്രട്ടറിയുടെ സി.എ.
12. നോഡൽ ഓഫീസർ, www.finance.kerala.gov.in
13. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

FINANCE (NODAL CENTRE-B) DEPARTMENT

**CIRCULAR**

**No. 44/2013/Fin** **Dated, Thiruvananthapuram 21/05/2013**

Sub: - LAC - ADF – Exclusion of projects with commercial objectives- Instructions issued.

Ref: - GO(P) No. 332/ 12/ Fin dated 11.06 2012.

In the Government order read above, Government have issued guidelines of the newly introduced scheme of Legislative Assembly Constituency- Asset Development Fund (LAC-ADF) aiming at creation of fixed assets for long term use like buildings, roads, bridges, water supply, sanitation, irrigation, infrastructure, machinery and equipments and fixtures of permanent nature that forms part of infrastructural facilities of Government essential for imparting effective service to the public. Under this scheme each MLA can suggest works to the extent of ₹ 5 crore each year to be taken up in the respective Assembly Constituency.

2. Government have received several proposals from the Hon'ble MLAs for projects with commercial objectives such as construction of Shopping Complex etc using LAC ADF which are inconsistent with the declared objectives of the scheme. In the circumstances, Government clarify that proposals on projects with commercial objectives such as construction of Shopping Complexes etc which are not directly beneficial to the public are not allowed to be taken up under the Legislative Assembly Constituency-Asset Development Fund (LAC-ADF) Scheme.

**Dr.V.P.Joy**
**Principal Secretary (Finance)**

To

All Members of the Legislative Assembly.
The Chief Engineer, PWD (Roads &Bridges), PWD (Buildings)
The Chief Engineer, LSGD Engineering Wing
All Principal Secretaries/ Secretaries to Government.
All Heads of Departments.

The Director of Treasuries.

The Principal Secretary to the Chief Minister.

The Private Secretary to the Speaker.

The Private Secretary to the Deputy Speaker.

The Private Secretary to the Leader of Opposition.

The Private Secretaries to the Ministers.

The Nodal officer, www.finance.kerala.gov.in.

The Office Copy/ Stock File.

Forwarded/By Order

Section Officer